**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *256 18-07-2016 -ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടലോര മേഖലകളിൽ തീരശോഷണം വ്യാപകമാകുന്നതിന്റെ കാരണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ.എ.നെല്ലിക്കുന്ന്**<br>**ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്തിന്റെ കടലോര മേഖലകളിൽ തീരശോഷണം വ്യാപകമാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | ഉണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതയും തീരദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങളും കടലാക്രമണങ്ങളും അശാസ്ത്രീയമായ കടൽ ഭിത്തി നിർമ്മാണവും തീരശോഷണത്തിന് കാരണമായിത്തീരുന്നുണ്ട്. |
| ബി) | മറ്റു ജില്ലകളെ അപേക്ഷിച്ച് എറണാകുളം, കൊല്ലം ജില്ലകളിൽ ഈ പ്രതിഭാസം രൂക്ഷമാവാതിരിക്കുന്നതിനുള്ള അനുകൂല ഘടകങ്ങൾ എന്തൊക്കെയാണെന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | ബി) | എറണാകുളം, കൊല്ലം ജില്ലകളിൽ തീരശോഷണം താരതമ്യേന കുറവാണ് എന്ന് കണ്ടെത്തിയിട്ടില്ല. |
| സി) | തീരശോഷണം പ്രതിരോധിക്കുന്ന കാര്യത്തിൽ കണ്ടൽ വ്യാപിപ്പിച്ചുള്ള ജൈവവേലിയുടെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാമോ? | സി) | ഉണ്ട്. ജൈവവേലികളുടെ സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. തീരശോഷണം നല്ലൊരുപരിധിവരെ തടയുന്നതിന് ജൈവ വേലികൾക്കാകും എന്ന് പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കടലാക്രമണം തടയുന്നതിനും സുനാമി പ്രതിരോധിക്കുന്നതിനുമുള്ള അനുയോജ്യമായ രീതിയായി ജൈവവേലിയെ കാണാൻ കഴിയില്ല. കടൽക്ഷോഭം മൂലമുള്ള തീരശോഷണം പ്രതിരോധിക്കുന്നതിന് കണ്ടൽക്കാടുകൾ വ്യാപകമായി വെച്ചുപിടിപ്പിച്ചുകൊണ്ടുള്ള ജൈവവേലി വളരെയധികം ഫലപ്രദമാണ്. പ്രാദേശിക ഭൂമിശാസ്ത്രം, സ്ഥലചിത്രീകരണം (topography), കടൽശോഷണം എന്നിവയുടെ അടിസ്ഥാനത്തിൽ കടൽക്ഷോഭത്തിന്റെ |

| | | | |
|---|---|---|---|
| | | | തീവ്രത കുറയ്ക്കുന്നതിന് കേരളത്തിന്റെ കടൽത്തീരത്ത് ജൈവവേലി വ്യാപിപ്പിക്കുന്നതിന്റെ ഗുണഫലങ്ങൾ ജലസേചന വകുപ്പിന്റെയും തുറമുഖ വകുപ്പിന്റെയും ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രസ്തുത വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് ശിപാർശ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ